I/98192/2023

നമ്പർ :DWCD/1854/2023-ICDSB5

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര , തിരുവനന്തപുരം

തീയതി: 30-05-2023

Email-directorate.wcd@kerala.gov.in
Phone-0471–2346534

## പരിപത്രം

വിഷയം:- വനിത ശിശു വികസന വകുപ്പ് –ICDS- അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതും സംബന്ധിച്ച്.

പരാമർശം : 1) വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 26.4.22 തീയതിയിലെ ICDS/ A8-3606 നമ്പർ പരിപത്രം

2) വനിതാ ശിശു വികസന ഡയറക്ടറുടെ 06-05-23 തീയതിയിലെ DWCD/1802/2023-ICDSB5 നമ്പർ ഉത്തരവ് .

അപകട സാധ്യതകളെ കുറിച്ച് മുൻകൂട്ടിയുള്ള അറിവ് ശേഖരിക്കുക എന്നത് അപകടങ്ങൾ കുറയ്ക്കാൻ വേണ്ടിയുള്ള നടപടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് . ഈ വസ്തുത ഉൾക്കൊണ്ടാണ് എല്ലാ വർഷവും ഏപ്രിൽ 10ാം തീയതിക്ക് മുൻപായി എല്ലാ അങ്കണവാടി കെട്ടിടങ്ങളുടെയും ഫിറ്റ്നസ്സ് പരിശോധിപ്പിക്കണമെന്നും, കെട്ടിടം അങ്കണവാടി പ്രവർത്തിക്കുന്നതിന് അനുയോജ്യമാണേന്നുള്ള ബന്ധപെട്ട ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്നും നിർദേശം നൽകിട്ടുള്ളത്. എന്നാൽ ടി നിർദേശം എല്ലാ ഉദ്യോഗസ്ഥരും കൃത്യമായി പാലിക്കാതെ പല അങ്കണവാടികളും ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് . ഇത് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയായി കാണുന്നതിനാൽ യാതൊരു കാരണവശാലും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല എന്ന് ബന്ധപെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ് . മേൽ പരാമർശം (2) പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ വാടക വർദ്ധിപിച്ച് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവായിട്ടുണ്ട് . ആയതിനാൽ തന്നെ എല്ലാ സൗകര്യങ്ങളുമുള്ള സുരക്ഷിതമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിന് അങ്കണവാടി

പ്രവർത്തകർക്ക് നിർദേശം നൽകേണ്ടുന്നതും അങ്കണ വാടികളുടെ സുരക്ഷ ശിശുവികസന പദ്ധതി ഓഫീസർമാർ ഉറപ്പു വരുതേണ്ടതുമാണ് . കൂടാതെ കാലവർഷം മുന്നിൽ കണ്ട് അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷയുമായി ബന്ധപെട്ട് ചുവടെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

- വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന, എല്ലാ അങ്കണവാടി കെട്ടിടങ്ങളുടെയും പരിശോധന സിഡിപിഒ/സൂപ്പർവൈസർമാർ എന്നിവർ നേരിട്ട് നടത്തേണ്ടതും, കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട് എന്ന് സിഡിപിഒ ഉറപ്പു വരുത്തേണ്ടതുമാണ്.
- ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത കെട്ടിടങ്ങളിൽ ഒരു കാരണവശാലും അങ്കണവാടി പ്രവർത്തിപ്പിക്കാൻ പാടുള്ളതല്ല .
- സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിലെ അങ്കണവാടി പ്രവർത്തനം എല്ലാ അടിസ്ഥാന സൗകാര്യങ്ങളും ഉള്ള സുരക്ഷിതമായ കെട്ടിടത്തിലേക്ക് അടിയന്തിരമായി മാറ്റേണ്ടതും ടി കെട്ടിടത്തിന് അടിയന്തിരമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സൂപ്പർവൈസർമാർ സ്വീകരിക്കേണ്ടതുമാണ് .
- ജില്ലയിലെ എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട് എന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും , റിപ്പോർട്ട് 15/6/23 ന് മുൻപായി **icdsb5@gmail.com എന്ന e-mail addressൽ അയക്കേണ്ടതുമാണ്.**
- ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാവാത്ത അങ്കണവാടികളുടെ പ്രവർത്തനം മറ്റു സുരക്ഷിതമായ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ടെങ്കിൽ ടി വിവരവും ഈ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ്.
- കറന്റ് ലൈൻ , switches തുടങ്ങിയവ കുട്ടികൾക്ക് തൊടാവുന്ന തരത്തിൽ അല്ല എന്നും ,കുട്ടികളുടെ ദേഹത്ത് വീഴവാനോ തട്ടി മുറിവേൽക്കാനോ സാധ്യതയുള്ള വസ്തുക്കൾ അങ്കണവാടി പരിസരത്ത് ഇല്ലയെന്നും ,ശുദ്ധജലം സൂക്ഷിക്കുന്ന പാത്രങ്ങൾ ,ടാങ്കുകൾ എന്നിവ വൃത്തിയാക്കി സൂക്ഷിക്കുന്നുണ്ടെന്നും അവ അടച്ചു സൂക്ഷിക്കുന്നുണ്ടെന്നും സൂപ്പർ വൈസർ, അങ്കണവാടി പ്രവർത്തകർ എന്നിവർ ഉറപ്പുവരുത്തണം .അങ്കണവാടി പരിസരത്ത് അപകടസാധ്യതയുള്ള മരങ്ങൾ ഉണ്ടെങ്കിൽ അവ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സി ഡി പി ഒ ,സൂപ്പർ വൈസിർ എന്നിവർ സ്വീകരിക്കണം . അങ്കണവാടികളിലെ ഭൗതിക സാഹചര്യം ഒരുക്കുമ്പൾ കുട്ടികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രവർത്തിയും അങ്കണവാടിയിൽ ഇല്ല എന്ന് സി ഡി പി

I/98192/2023

ഒ, സൂപ്പർവൈസർ  എന്നിവർ ഉറപ്പു വരുത്തേണ്ടതാണ് .

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ അങ്കണവാടി കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിൽ എന്തെങ്കിലും  വീഴ്ച സംഭവിച്ചാൽ  ഉത്തരവാദപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് .

**വനിതാ ശിശു വികസന ഡയറക്ടർ**

**Signed by Priyanka G**
**Date: 30-05-2023 18:21:10**